Coverage Report: TCS IT Wiz – pre and Post-event Kochi

**Publication:** Varthamanam
**Edition:** Kochi
**Date**: 30.9.2013
**Page**: 03
**Headline:** TCS IT Wiz Kochi edition contest on October 14th

# ടി സി എസ് ഐ ടി വിസ് കൊച്ചി എഡിഷൻ മത്സരങ്ങൾ ഒക്ടോബർ 14ന്

**കൊച്ചി:** പ്രമുഖ ഐടി സർവീസസ്, കൺസൾട്ടിംഗ്, ബിസിനസ് സൊല്യൂഷൻസ് സ്ഥാപനമായ ടാറ്റ കൺസൾട്ടൻസി സർവീസസ് (ടിസിഎസ്) സംഘടിപ്പിക്കുന്ന ടിസിഎസ് ഐടി വിസ് ക്വിസ് മത്സരം 14 ന് കലൂർ ഗോകുലം പാർക്ക് കൺവൻഷൻ സെന്ററിൽ നടക്കും. 1999–ൽ ആരംഭിച്ച ടിസിഎസ് ഐടി വിസ് ഇന്ത്യയിലെ ഏറ്റവും വലിയ ഇന്റർ-സ്ക്കൂൾ ഐടി ക്വിസ് മത്സരമാണ്.

എട്ടു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിൽ, (പ്രീ യൂണിവേഴ്സിറ്റി വിദ്യാർഥികൾ ഉൾപ്പെടെ) പഠിക്കുന്നവർക്ക് പങ്കെടുക്കാം. എൻട്രി ഫീ ഇല്ല. രണ്ട് അംഗങ്ങൾ അടങ്ങിയതാണ് ഒരു ടീം. ഒരു സ്ഥാപനത്തിൽനിന്ന് പത്തു ടീമുകൾക്കുവരെ പങ്കെടുക്കാം. ഒക്ടോബർ പതിനൊന്നിനു മുമ്പായി കെഎസ്. ധന്യ, ഐടി വിസ് കോർഡിനേറ്റർ, ഹ്യൂമൻ റിസോഴ്സസ്, ടാറ്റ കൺസൾട്ടൻസി സർവീസസ്, തേജോമയ, എൽ&ടി ടെക് പാർക്ക് ലിമിറ്റഡ്, ഇൻഫോപാർക്ക്, കുസുമഗിരി പോസ്റ്റ്, കാക്കനാട്, കൊച്ചി എന്ന വിലാസത്തിൽ പേരു നല്കണം. ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിന്: www.tcsitwiz.com. ടിറ്റർ: @TCSITWz. കുടുതൽ വിവരങ്ങൾ 09847895551 എന്ന മൊബൈൽ നമ്പരിൽനിന്നു ലഭിക്കും. എഴുത്തുപരീക്ഷയിൽ മുന്നിലെത്തുന്ന ആറ് ടീമുകൾ റീജണൽ മത്സരത്തിൽ പങ്കെടുക്കാൻ യോഗ്യത നേടും. ഓരോ സ്കൂളിൽനിന്നും ഏറ്റവും മുന്നിലെത്തുന്ന ടീമിനെ മാത്രമേ മത്സരത്തിനായി വേദിയിലേയ്ക്ക് വിളിക്കുകയുള്ളൂ. റീജണൽ മത്സരത്തിൽ വിജയികളാകുന്നവർക്ക് ഡിസംബറിൽ നടക്കുന്ന മെഗാ ഫൈനൽ മത്സരത്തിൽ യുഎഇ ടീമിനൊപ്പം പങ്കെടുക്കാം. ഇന്ത്യയിൽ കൊച്ചി, അഹമ്മദാബാദ്, ബാംഗളൂർ, ഭുവനേശ്വർ, ചെന്നൈ, കോയമ്പത്തൂർ, ദൽഹി, ഹൈദരാബാദ്, ഇൻഡോർ, കൊൽക്കൊത്ത, ലക്നോ, മുംബൈ, നാഗ്പൂർ, പൂന എന്നിങ്ങനെ പതിന്നാല് സ്ഥലങ്ങളിലാണ് ടിസിഎസ് ഐടി വിസ് മത്സരങ്ങൾ നടക്കുന്നത്. റീജണൽ മത്സരത്തിൽ വിജയികളാകുന്നവർക്ക് ഐപാഡ്എയർ സമ്മാനമായി ലഭിക്കും രണ്ടാം സ്ഥാനം നേടുന്നവർക്ക് ഐപാഡ് മിനിയാണ് സമ്മാനം. കൂടാതെ വിജയികൾക്ക് പ്രത്യേകം രൂപകൽപ്പന ചെയ്ത ട്രോഫിയും മെഡലുകളും ലഭിക്കും.

Coverage Report: TCS IT Wiz – pre and Post-event Kochi

**Publication**: Varthamanam
**Edition**: Kochi
**Date**: 17.10.2014
**Page**: 4
**Headline**: TCS IT WIZ Quiz: Loyola School Thiruvananthapuram wins

# ടി സി എസ് ഐ ടി വിസ് ക്വിസ്: തിരുവനന്തപുരം ലയോള സ്കൂൾ വിജയികൾ



**കൊച്ചി:** ടാറ്റാ കൺസൾട്ടൻസി സർവീസസ് സംഘടിപ്പിച്ച ടിസിഎസ് ഐടി വിസ് ക്വിസ് മത്സരത്തിൽ തിരുവനന്തപുരം ലയോള സ്കൂളിലെ അദിത് ചന്ദ്ര, വിഘ്നേഷ് കൃഷ്ണൻ സഖ്യം വിജയികളായി. പൈങ്ങോട്ടൂർ സെന്റ് ജോസഫ് ഹയർ സെക്കന്ററി സ്കൂളിലെ ബ്രിട്ടോ സാബു-കെവിൻ ജോർജ് സഖ്യത്തിനാണ് രണ്ടാം സ്ഥാനം.

ദേശീയ തലത്തിൽ നടക്കുന്ന ടിസിഎസ് ഐടി വിസ് ക്വിസ് മത്സരത്തിൽ തിരുവനന്തപുരം ലയോള കേരളത്തെ പ്രതിനിധീകരിക്കും. ഇന്ത്യയിലെ ഏറ്റവും വലിയ ഇന്റർ സ്കൂൾ ഐടി ക്വിസ് മത്സരമാണ് ടിസിഎസ് ഐടി വിസ്. കൊച്ചി കലൂർ ഗോകുലം പാർക്ക് കൺവെൻഷൻ സെന്ററിൽ നടന്ന കൊച്ചി എഡിഷൻ ടിസിഎസ് ഐടി വിസ് ക്വിസ് മത്സരത്തിൽ വിവിധ സ്കൂളുകളിൽ നിന്നായി 1300-ൽ അധികം കുട്ടികൾ മത്സരിക്കാനായെത്തിയിരുന്നു. വിജയികൾക്ക് പുറമെ കാക്കനാട് ഭവൻസ് ആദർശ വിദ്യാലയയിലെ കാർത്തിക് ഗണപതി, വാസുദേവ് ചക്രവർത്തി, കോഴിക്കോട് ഭാരതീയ വിദ്യാഭവനിലെ അലോക് റിയോൺ, അമൃത് ചന്ദ്, തൃശൂർ ഭവൻസ് വിദ്യാമന്ദിറിലെ അഖിലേഷ് ബാലകൃഷ്ണൻ, സമീർ ജെ, തൃശൂർ ഹരിശ്രീ വിദ്യാനിധിയിലെ ഹരിശങ്കർ പ്രദീപ്, ശ്യാം പിഷാരടി, എന്നിവരാണ് ഫൈനലിലെത്തിയ ടീമുകൾ.

ക്വിസിലെ ഒന്നാം സ്ഥാനക്കാർക്ക് ഐപാഡ് എയറും രണ്ടാം സ്ഥാനക്കാർക്ക് ഐപാഡ് മിനിയും സമ്മാനമായി ലഭിച്ചു. കൂടാതെ ട്രോഫികളും മെഡലുകളും നൽകി. വിജയികൾക്ക് ഐടി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പിഎച്ച് കുര്യനും ടിസിഎസ് വൈസ് പ്രസിഡന്റ് സുധിർ വാര്യരും ചേർന്ന് സമ്മാനങ്ങൾ വിതരണം ചെയ്തു.

ഇരുപതുചോദ്യങ്ങൾ അടങ്ങിയ പ്രാഥമിക എഴുത്തുപരീക്ഷയാണ് എല്ലാ ടീമുകളും നേരിട്ടത്. ഏറ്റവും മുൻപന്തിയിൽ വന്ന ആറു ടീമുകൾക്ക് പ്രാദേശിക ഫൈനലിൽ പങ്കെടുക്കാൻ അവസരം ലഭിച്ചു. പിക് ബ്രെയിൻ എന്നറിയപ്പെടുന്ന ക്വിസ്മാസ്റ്റർ ഗിരി ബാലസുബ്രമണ്യവും സംഘവും രൂപപ്പെടുത്തിയ ആനിമേഷൻ അടിസ്ഥാനമാക്കിയ ക്വിസ് സോഫ്റ്റ്‌വെയറായിരുന്നു ഫൈനൽ മത്സരങ്ങളുടെ പ്രത്യേകത. ഫ്ളിപ്ബോർഡിങ്, ഡ്രോണിങ്, ഡിസ്റപ്റ്റീവ് തിങ്കിങ്, സോലോമോ (സോഷ്യൽ-ലോക്കൽ-മോബൈൽ),@ടിസിഎസ് എന്നിങ്ങനെയായിരുന്നു വിവിധ റൗണ്ടുകൾ. ഫൈനലിലെത്തിയ ആറ് ടീമുകൾക്ക് സ്പേയ്സ് പായ്ക്ക്, സിപ്പേഴ്സ്, ഇയർഫോൺ, യുഎസ്ബി പെൻ ഡ്രൈവ്, സ്പീക്കേഴ്സ് എന്നിങ്ങനെ വിവിധ സമ്മാനങ്ങൾ നൽകി.

എട്ടു മുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസുകളിലെ (ജൂണിയർകോളജുകളിലെ പ്രീയൂണിവേഴ്സിറ്റി ഉൾപ്പെടെ) സ്കൂൾ വിദ്യാർത്ഥികളാണ് മത്സരത്തിൽ പങ്കെടുത്തത്.